കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ വായ്പാവ്യാപ്തി വർദ്ധിപ്പിക്കാനും ഉയർന്ന പലിശനിരക്കിലെ വായ്പാബാദ്ധ്യത തീർക്കാനുമായി ബോണ്ടുവഴി കുറഞ്ഞ പലിശയിൽ ധനസമാഹരണത്തിന് 2011-12-ൽ ഇരുന്നൂറ് കോടിരൂപയും 2012-13-ൽ നാന്നൂറ് കോടിരൂപയും സർക്കാർ ഗ്യാരന്റി നൽകിയിട്ടുണ്ട്. ഇതിൽ നാന്നൂറ് കോടിരൂപയുടെ ബോണ്ട് സമാഹരണം കെ.എഫ്.സി. നടത്തുകയുണ്ടായി. ബാക്കി ഇരുന്നൂറ് കോടിരൂപയുടെ ബോണ്ട് സമാഹരണം ഈവർഷം കെ.എഫ്.സി. നടത്താനുദ്ദേശിക്കുന്നു.2013-14-ൽ 989.62 കോടിരൂപയുടെ വായ്പയാണ് അനുവദിച്ചിട്ടുള്ളത്. 2014-15-ൽ 1050 കോടിരൂപയുടെ വായ്പയാണ് ലക്ഷ്യമിടുന്നത്.

(സി) കെ.എസ്.എഫ്.ഇ.യുടെ വിവിധ വായ്പകൾക്ക് ഇപ്പോഴുള്ള പലിശനിരക്ക് ഇതര സാമ്പത്തികസ്ഥാപനങ്ങളെയും ബാങ്കിംഗ് സ്ഥാപനങ്ങളെയും അപേക്ഷിച്ച് താരതമ്യേന കുറവായതിനാൽ ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നത് ഇപ്പോൾ പ്രായോഗികമല്ല.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴിനൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒന്നര ശതമാനം മുതൽ രണ്ടു ശതമാനംവരെ പലിശ ഇളവ് ചെയ്തുനൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഓൺലൈൻ സേവനങ്ങൾ

9 (*609) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതികണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈൻവഴി നൽകുന്ന പദ്ധതി വൈദ്യുതിബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുതസംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്നപദ്ധതികൾ വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃതആർ.എ.പി.ഡി.ആർ.പി.(RAPDRP) വിവരസാങ്കേതിക വിദ്യപദ്ധതികൾ വൈദ്യുതിവിതരണരംഗത്ത് നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തുടനീളം ഈ സംവിധാനം നിലവിൽവരും. അതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈനായി സേവനങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാകും. പദ്ധതി സമയബന്ധിതമായി 2014 നവംബറോടുകൂടി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) കേന്ദ്രസർക്കാർ, വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 50,000 കോടിരൂപ എല്ലാ സംസ്ഥാനങ്ങൾക്കുമായി ധനസഹായം നൽകുവാൻ വിഭാവനം ചെയ്തിരിക്കുന്നു. മേൽപ്പറഞ്ഞ തുകയിൽ 10,000 കോടിരൂപയാണ് എല്ലാ സംസ്ഥാനങ്ങൾക്കുമായി വൈദ്യുതി വിതരണ മേഖലയിൽ വിവരസാങ്കേതികവിദ്യ നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരളത്തിന് 214.38 കോടിരൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ നോഡൽ ഏജൻസിയായി പവർ ഫിനാൻസ് കോർപ്പറേഷനെയാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ളത്. പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുകയും ഏജൻസികളുടെ തെരഞ്ഞെടുപ്പ് പ്രക്രിയ ചട്ടപ്രകാരമാണെന്ന് ഉറപ്പ് വരുത്തുകയും പണം അനുവദിക്കുന്നതുൾപ്പെടെയുള്ള പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ മേൽനോട്ടവും പവർ ഫിനാൻസ് കോർപ്പറേഷനാണ്. പവർ ഫിനാൻസ് കോർപ്പറേഷൻ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രമേ ഈ പദ്ധതിയുടെ ടെണ്ടറിൽ പങ്കെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിലെ ഐ.ടി.പ്രോജക്ടുകളുടെ കൺസൾട്ടൻസി കരാർ ഡൽഹി ആസ്ഥാനമായുള്ള ഫീഡ്ബാക്ക് ഇൻഫ്രാ എന്ന ഏജൻസിയും പദ്ധതി നടത്തിപ്പ് കൊറിയൻ ആസ്ഥാനമായുള്ള കെപ്കോ കെ.ഡി.എൻ. എന്ന ഏജൻസിയെയുമാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ.ടി.) ഓഫീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളമൊട്ടാകെയുള്ള പദ്ധതി നിർവ്വഹണത്തിനുവേണ്ടി വിതരണവിഭാഗത്തിലെ 43 ഉന്നത ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഡാറ്റാ സെന്റർ, കസ്റ്റമർ കെയർ സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഡാറ്റാ റിക്കവറി സെന്ററിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ള സോഫ്റ്റ്വെയറുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഓരോ മേഖലയിലും പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പത്തോളം ഫംഗ്ഷണൽ കമ്മിറ്റികൾ രൂപീകരിച്ചുപ്രവർത്തിച്ചു വരികയാണ്.

സംരംഭക ഉച്ചകോടി

10 (*610) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംരംഭക ഉച്ചകോടി സംഘടിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉച്ചകോടിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly